# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.665** — **11/06/2014-ൽ മറുപടിക്ക്**

## ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും

**ചോദ്യം**

**ശ്രീമതി കെ. എസ്. സലീഖ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | മെഡിക്കൽ കോളേജ് ഉൾപ്പെടെ ആരോഗ്യ വകുപ്പിന്റെ കീഴിലെ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും ഇല്ലാത്തതു മൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം ലഭ്യമാണ്. എന്നാൽ ജീവിതശൈലീ രോഗങ്ങൾക്ക് വേണ്ട ചില മരുന്നുകളുടെ സ്റ്റോക്കിൽ കുറവ് വന്നിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു പരിഹരിക്കാനുള്ള നടപടികളും സ്വീകരിച്ചു കഴിഞ്ഞു. |
| (ബി) | ജീവൻരക്ഷാ മരുന്നുകൾ, വാക്സിനുകൾ എന്നിവയുടെ ലഭ്യത ഉറപ്പു വരുത്താൻ എന്തു നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ; | (ബി) | സ്റ്റോക്ക് കുറവുള്ള മരുന്നുകൾ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങാനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിനായി താലൂക്ക്, ജില്ലാ ആശുപത്രികളിലെയും ജനറൽ ആശുപത്രികളി ലെയും മെഡിക്കൽ കോളേജുകളിലെയും ഹോസ്പിറ്റൽ സൂപ്രണ്ടുമാർക്ക് "രാഷ്ട്രീയ സ്വസ്ത് ബീമാ യോജന" (RSBY) ഫണ്ടിൽ നിന്നും തുക വിനിയോഗിച്ച് കുറവുള്ള മരുന്ന് വാങ്ങുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ സൂപ്രണ്ടുമാരോട് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി, നീതി മെഡിക്കൽ സ്റ്റോർ, ഹോസ്പിറ്റൽ ഡവലപ്മെന്റ് സൊസൈറ്റി നടത്തി വരുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ മരുന്ന് ലഭ്യമാണെങ്കിൽ ആയതു മുഖേന മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുമുണ്ട്. മേൽ സ്ഥാപനങ്ങളിൽ മരുന്ന് ഇല്ലെങ്കിൽ മാത്രമേ ഓപ്പൺ ക്വട്ടേഷൻ പ്രകാരം മരുന്ന് വാങ്ങാവൂ എന്നും ഇത് പരിശോധിക്കുന്ന തിനായി ഹോസ്പിറ്റൽ സൂപ്രണ്ട്, സ്റ്റോർ സൂപ്രണ്ട്, ആശുപത്രിയിലെ ഏതെങ്കിലും വകുപ്പ് മേധാവി എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. RSBY, ഫണ്ടിന് പുറമേ ക്ഷാമമുള്ള മരുന്ന് പ്രാദേശിക മായി വാങ്ങുന്നതിലേയ്ക്കായി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് രണ്ട് കോടി രൂപയും, ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് 1 കോടി രൂപയും അതാത് വകുപ്പുകളുടെ നോൺ പ്ലാൻ |

| | | | |
|---|---|---|---|
| | | | ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.<br>കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന 2014-15 വർഷത്തെ മരുന്ന് സംഭരണത്തിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിക്കഴിഞ്ഞു. ജൂലൈ മാസം പകുതിയോടെ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരുന്നതാണ്. |
| (സി) | ജീവൻരക്ഷാ മരുന്നുകളും വാക്സിനുകളും സൗജന്യമായി രോഗികൾക്ക് നൽകുന്നതിനായി 2012-13, 2013-14 വർഷങ്ങളിൽ എത്ര രൂപയുടെ കേന്ദ്ര സഹായം ലഭിച്ചു ; എത്ര ചെലവാക്കി; എത്ര തുക ലാപ്സാക്കി ; വ്യക്തമാക്കുമോ ; | (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിനായി കേന്ദ്ര സഹായം ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ഡി) | 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക സംസ്ഥാന സർക്കാർ വകയിരുത്തി ; എത്ര തുക ചെലവാക്കി ; എത്ര തുക ലാപ്സായി ; വ്യക്തമാക്കുമോ ; | (ഡി) | 2012-13 സാമ്പത്തിക വർഷത്തിൽ 200 കോടി രൂപയും, 2013-14 - ൽ 220 കോടി രൂപയും സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുകയുണ്ടായി. മുഴുവൻ തുകയും പ്രസ്തുത പദ്ധതിയ്ക്കായി ചെലവായി. തുക ഒന്നും തന്നെ ലാപ്സായിട്ടില്ല. |
| (ഇ) | എല്ലാ മരുന്നുകളും ആശുപത്രികളിൽ യഥാസമയം ലഭ്യമാക്കാൻ എന്തു നടപടി സ്വീകരിക്കുന്നു ; വ്യക്തമാക്കുമോ ? | (ഇ) | 2014-15 സാമ്പത്തിക വർഷത്തെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നൽകിക്കൊണ്ടിരിക്കുന്നു. കൂടാതെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ വെയർഹൗസുകളിൽ നിലവിൽ ലഭ്യമായ മരുന്നുകൾ ഇന്റർ വെയർഹൗസ് ട്രാൻസ്ഫറിലൂടെ ആവശ്യമായ മറ്റു ജില്ലകളിലേയ്ക്ക് വിതരണം നടത്തുന്നുണ്ട്. മാത്രമല്ല നടപ്പു വർഷത്തിൽ വിതരണക്കാരെ ലഭിക്കാത്ത അവശ്യമരുന്നുകൾക്ക്, പ്രസ്തുത മരുന്നുകൾ നൽകാൻ സന്നദ്ധത പ്രകടിപ്പിച്ച, മുൻവർഷത്തെ വിതരണക്കാർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ജൂലൈ മാസം പകുതിയോടെ പ്രസ്തുത മരുന്നുകൾ കോർപ്പറേഷന്റെ ജില്ലാ വെയർഹൗസുകളിൽ എത്തിച്ചേരും എന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ അവശ്യമരുന്നുകളിൽ ഏതെങ്കിലും മരുന്ന് വെയർഹൗസിൽ ലഭ്യമല്ലാതെ വരുന്ന സാഹചര്യം ഉണ്ടായാൽ അവ ആശുപത്രികൾ മുഖേന വാങ്ങി വിതരണം ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ